**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6012** **25-03-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും ഇവയ്ക്ക് ക്ഷേത്രക്കുളങ്ങളുണ്ടോയെന്നും വ്യക്തമാക്കാമോ; | (എ) | പൂഞ്ഞാർ മണ്ഡലത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിൽ എട്ട് ക്ഷേത്രങ്ങളാണുള്ളത്. അവയിൽ രണ്ട് ക്ഷേത്രങ്ങളിൽ ക്ഷേത്രക്കുളങ്ങളുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ പ്രസ്തുത ക്ഷേത്രങ്ങളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്നും അവയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) | തീർത്ഥാടക ടൂറിസം പദ്ധതി മുഖേന പ്രസ്തുത ക്ഷേത്രങ്ങളിൽ എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | തീർത്ഥാടക ടൂറിസം പദ്ധതി മുഖേന നിർമ്മാണ പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

**<u>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പൂഞ്ഞാർ മണ്ഡലത്തിലെ ക്ഷേത്രങ്ങളിലെ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക.</u>**

1. തിടനാട് വട്ടക്കാവ് ക്ഷേത്രത്തിൽ ക്ഷേത്രക്കുളത്തിന്റെ നവീകരണപ്രവൃത്തികൾ – അടങ്കൽ 42 ലക്ഷം രൂപ. (ബഹു. എം.എൽ.എ.-യുടെ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി)

2. തിടനാട് ദേവസ്വം മൈതാനത്തിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ – അടങ്കൽ 2,06,575/- (ബഹു. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി)

3. എരുമേലി ദേവസ്വം അന്നദാനം ബിൽഡിംഗ്, വിരി എന്നിവയുടെ നിർമ്മാണം – അടങ്കൽ 14.5 കോടി രൂപ (കിഫ്ബി ഫണ്ട്)

4. എരുമേലി തോട് ശുചീകരണ പ്രവൃത്തി – അടങ്കൽ 9 ലക്ഷം രൂപ (ഇറിഗേഷൻ വകുപ്പിന്റെ ഫണ്ട്)